## പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2014-16)

## ഒൻപതാമത് റിപ്പോർട്ട്

**(സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ**
**സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകൾ**
**നിയമസഭയിൽ സമർപ്പിക്കുന്നതിലെ**
**കാലതാമസം സംബന്ധിച്ച**
**പ്രത്യേക റിപ്പോർട്ട്)**

(2015 ജൂലൈ 29-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-16)

**ഒൻപതാമത് റിപ്പോർട്ട്**

**(സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിലെ കാലതാമസം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)**

(2015 ജൂലൈ 29-ാം തീയതി സഭയിൽ സമർപ്പിച്ചത്)

997/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 10 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

## (2014-16)

### സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ജോസ് തെറ്റയിൽ

<u>അംഗങ്ങൾ</u> :

ശ്രീ. ബാബു എം. പാലിശ്ശേരി

,, പി. കെ. ബഷീർ

,, കെ. ദാസൻ

,, റോഷി അഗസ്റ്റിൻ

,, വി. പി. സജീന്ദ്രൻ

,, വി. ശിവൻകുട്ടി

,, എം. എ. വാഹീദ്

,, എം. പി. വിൻസെന്റ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2015 ജൂലൈ 27-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

ജോസ് തെറ്റയിൽ,

*അദ്ധ്യക്ഷൻ*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂലൈ 29.

# ആമുഖം

നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ നിയമത്തിൽ അനുശാസിക്കുന്നതു പ്രകാരം യഥാസമയം സഭയിൽ സമർപ്പിക്കുന്നുണ്ടോ, അവ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുന്ന കാലതാമസപത്രിക സഹിതമാണോ സഭയിൽ സമർപ്പിച്ചത്, കാലതാമസപത്രികയിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ വസ്തുനിഷ്ഠവും അംഗീകരിക്കാവുന്നതുമാണോ എന്നിവ പരിശോധിക്കുകയും ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതോടൊപ്പം മേശപ്പുറത്തുവച്ച കടലാസുകൾ സബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ കാലാകാലങ്ങളിൽ ചുമതലപ്പെടുത്തുന്ന മറ്റ് പ്രവർത്തനങ്ങൾ ചെയ്യുകയെന്നതാണ് മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ കർത്തവ്യം.

പതിമൂന്നാം കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച ഇപ്പോഴത്തെ സമിതി (2014-16) 2014 മേയ് 30-ാം തീയതി രൂപീകരിച്ചു. വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ വാർഷിക റിപ്പോർട്ടുകൾക്കൊപ്പം സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിക്കുകയും റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കുന്നതിലും കുടിശ്ശിക ഒഴിവാക്കുന്നതിലും വകുപ്പുകൾ സ്വീകരിച്ച നടപടികൾ സമിതി വിലയിരുത്തുകയും ചെയ്തു. സമിതിയുടെ ഇടപെടൽമൂലം റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ പുരോഗതി ഉണ്ടാകുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ സമിതി ആഗ്രഹിച്ച തരത്തിലുള്ള പുരോഗതി ഉണ്ടായതായി കാണുന്നില്ല.

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽവരുന്ന സ്ഥാപനങ്ങളുടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിക്കുകയും വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിലെ കാലതാമസം സംബന്ധിച്ച് വകുപ്പിൽനിന്നും തെളിവെടുപ്പ് നടത്തുകയും കത്തിടപാടുകളിലൂടെ അധികവിവരങ്ങൾ ശേഖരിക്കുകയും ചെയ്യുകയുണ്ടായി. സ്ഥാപനത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് നടത്തിയ തെളിവെടുപ്പിന്റെയും വകുപ്പിൽനിന്നു ലഭിച്ച അധികവിവരങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്നതും സർക്കാരിന്റെ സാമ്പത്തിക സഹായം സ്വീകരിക്കുന്നതുമായ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ആഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ റിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സഭയിൽ സമർപ്പിക്കുക എന്നത് പ്രസ്തുത സ്ഥാപനങ്ങളുടെ നിയമപരമായ പ്രാഥമിക കർത്തവ്യവും ഉത്തരവാദിത്വവുമാണ്. പൊതുഖജനാവിൽ നിന്നും വിവിധ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും നൽകിവരുന്ന തുക കൃത്യവും ഫലപ്രദവുമായി സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കുന്നുണ്ടോ എന്നറിയാനുള്ള അവകാശം നിയമസഭയ്ക്കും പൊതുജനങ്ങൾക്കും ഉണ്ടെന്നുള്ള വസ്തുത വിസ്മരിച്ചു കൂടാനാവാത്തതാണ്. എന്നാൽ മിക്ക സ്വയംഭരണ/പൊതുമേഖലാ സ്ഥാപനങ്ങളും വാർഷിക റിപ്പോർട്ടുകളും കണക്കുകളും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിക്കുന്നില്ല.

2. വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിൽ ഭീമമായ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളാണ് സാമൂഹ്യനീതി വകുപ്പിൻകീഴിൽ വരുന്ന കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനും കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും. സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ യഥാസമയം സഭയുടെ മേശപ്പുറത്തുവയ്ക്കുവാൻ ലഭ്യമാക്കാത്തത് സംബന്ധിച്ചും സമിതിയുടെ മുൻകാല റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ചും സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി, വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും സമിതി 6-1-2015-ൽ തെളിവെടുപ്പ് നടത്തുവാൻ നിശ്ചയിച്ചിരുന്നു. എന്നാൽ സാമൂഹ്യനീതി വകുപ്പ് ഈ തെളിവെടുപ്പ് യോഗത്തെ വളരെ നിസ്സാരമായി കാണുകയാണുണ്ടായത്. തെളിവെടുപ്പ് യോഗത്തിൽ വകുപ്പ് സെക്രട്ടറി നേരിട്ട് സമിതി മുൻപാകെ ഹാജരാകുകയോ പകരം ഉദ്യോഗസ്ഥനെ രേഖാമൂലം ചുമതലപ്പെടുത്തുകയോ ചെയ്യുകയുണ്ടായില്ല. മാത്രമല്ല ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ യഥാസമയം സമിതി മുൻപാകെ ഹാജരാകുന്നതിൽ വീഴ്ച വരുത്തുകയുമുണ്ടായി. വകുപ്പ് സെക്രട്ടറിക്കുപകരം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി സമിതിയെ രേഖാമൂലം അറിയിക്കാത്തതിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമയത്ത് ഹാജരാകാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തുകയും തെളിവെടുപ്പ് യോഗം മറ്റൊരു ദിവസത്തേക്ക് മാറ്റിവയ്ക്കുകയും ചെയ്തു. തുടർന്ന് സാമൂഹ്യനീതി വകുപ്പുദ്യോഗസ്ഥരിൽ നിന്നും 11-2-2015-ൽ സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി.

3. സമിതിയുടെ നിർദ്ദേശങ്ങൾക്ക് സാമൂഹ്യനീതി വകുപ്പിനുകീഴിൽ വരുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ വില കൽപ്പിക്കുന്നില്ലെന്നും സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള വിവിധ കോർപ്പറേഷനുകളുടെ പ്രവർത്തനം തൃപ്തികരമല്ലെന്നും ഉദ്യോഗസ്ഥർ അവരുടെ കർത്തവ്യങ്ങളെക്കുറിച്ച് അജ്ഞരാണെന്നും സമിതി അഭിപ്രായപ്പെടുന്നു. സാമൂഹ്യനീതി വകുപ്പിന്റെ ഭാഗത്തുനിന്നുമുള്ള ഉത്തരവാദിത്വമില്ലായ്മ വിലയിരുത്തിയ സമിതി, വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ കണക്കുകളും റിപ്പോർട്ടുകളും പരിശോധിക്കുന്നതിനും സ്ഥാപനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും നിയമസഭയ്ക്കുള്ള അവസരമാണ് സമിതിയുടെ നിർദ്ദേശങ്ങളെ അവഗണിക്കുന്നതിലൂടെ നഷ്ടപ്പെടുന്നതെന്ന് നിരീക്ഷിച്ചു. സമിതിയുടെ തുടർന്നുള്ള തെളിവെടുപ്പ് യോഗങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിതന്നെ ഹാജരാകണമെന്നും ഒഴിവാക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ സമിതിയുടെ അംഗീകാരത്തിനു വിധേയമായി മാത്രം രേഖാമൂലം ചുമതലപ്പെടുത്തിയ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥൻ സമിതി യോഗങ്ങളിൽ ഹാജരാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

4. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ 2009-10, 2010-11, 2011-12 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 3-12-2014-ലും 2002-03, 2003-04 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 11-3-2015-ലും സഭയുടെ മേശപ്പുറത്തുവയ്ക്കുകയുണ്ടായി. ഈ സ്ഥാപനത്തിന്റെ 2004-05 മുതൽ 2008-09 വരെയുള്ള അഞ്ചു വർഷത്തെയും 2012-13, 2013-14 എന്നീ രണ്ടു വർഷങ്ങളിലെയും വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയാണ്.

5. സമിതിയുടെ നിരവധി റിപ്പോർട്ടുകളിൽ ഈ സ്ഥാപനത്തെക്കുറിച്ച് പരാമർശിക്കുകയും കുടിശ്ശിക റിപ്പോർട്ടുകൾ എത്രയുംപ്പെട്ടെന്ന് സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ മാറിമാറിവരുന്ന ഉദ്യോഗസ്ഥർ ഇത് ഗൗരവമായി എടുത്തിട്ടില്ല എന്നും നിരുത്തരവാദപരവും ബാലിശവുമായ കാരണങ്ങളാണ് ഭരണ വകുപ്പ് റിപ്പോർട്ടുകളോടൊപ്പം സഭയിൽ സമർപ്പിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തുന്നതെന്നും ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് ഉത്തരവാദിത്വബോധം ഉണ്ടാകേണ്ടത് അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

6. കോർപ്പറേഷനോട് സമയബന്ധിതമായി റിപ്പോർട്ടുകൾ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും 2008-09, 2012-13, 2013-14 എന്നീ വർഷങ്ങളിലെ

ആഡിറ്റിംഗ് മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കി ആറു മാസത്തിനുള്ളിൽ മുഴുവൻ റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നുണ്ടെന്നും വകുപ്പ് സെക്രട്ടറി 11-2-2015-ലെ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചിരുന്നു. പ്രസ്തുത തെളിവെടുപ്പ് യോഗത്തിനുശേഷം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ 2002-03, 2003-04 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി. ആറു മാസത്തിനുള്ളിൽ മുഴുവൻ കുടിശ്ശിക റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ ബോധിപ്പിച്ചുവെങ്കിലും പ്രസ്തുത റിപ്പോർട്ടുകൾ നാളിതുവരെ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കാനായി ലഭ്യമാക്കിയിട്ടില്ല. വനിതാ വികസന കോർപ്പറേഷന്റെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലെ കുടിശ്ശിക സംബന്ധിച്ച് സമിതിയുടെ 2009-11-ലെ 5-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിൽ താഴെപ്പറയുന്ന വിവരങ്ങൾ സമിതി മുൻപാകെ ലഭ്യമാക്കിയിട്ടുണ്ട്.

7. "വനിതാ വികസന കോർപ്പറേഷന്റെ 1995-96 സാമ്പത്തിക വർഷം മുതൽ 2013-14 സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഫൈനലൈസേഷൻ, ഓഡിറ്റ് എന്നിവയുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | നിലവിലെ അവസ്ഥ |
|---|---|
| 1995-96<br>1996-97<br>1997-98<br>1998-99<br>1999-2000 | പ്രിന്റ് ചെയ്ത വാർഷിക കണക്കുകൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. |
| 2000-01<br>2001-02 | വാർഷിക കണക്കുകളുടെ ഫൈനലൈസേഷൻ പൂർത്തിയാക്കുകയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാർഷിക കണക്കുകൾ സി. & എ.ജി. ഓഡിറ്റ് പൂർത്തിയാക്കി ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| 2002-03<br>2003-04 | സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2004-05<br>2005-06 | വാർഷിക കണക്കുകളിലെ ഫൈനലൈസേഷൻ പൂർത്തിയാക്കി വനിതാ വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. |
| 2006-07<br>2007-08<br>2008-09 | ഡേറ്റാ എൻട്രി ജോലികൾ പൂർത്തിയാവുകയും ഫൈനലൈസേഷൻ പുരോഗമിക്കുകയും ചെയ്യുന്നു. |
| 2009-10<br>2010-11<br>2011-12 | പ്രിന്റ് ചെയ്ത വാർഷിക കണക്കുകൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2013-14 | ഡേറ്റാ എൻട്രി ജോലികൾ പൂർത്തീകരണ ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. |

8. 2002-03 മുതൽ 2013-14 വരെയുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ടെങ്കിലും 2004-05 മുതൽ 2008-09 വരെയുള്ള വർഷങ്ങളിലെയും 2012-13, 2013-14 വർഷങ്ങളിലെയും റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ കുടിശ്ശികയുള്ളതായി കാണുന്നു. 2013-14-ലെ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരളയുടെ കണക്കുകൾ പ്രകാരം കേരള വനിതാ വികസന കോർപ്പറേഷന്റെ 2012-13 വരെയുള്ള ഓഡിറ്റഡ് അക്കൗണ്ട്സ് പൂർത്തിയായതായി സൂചിപ്പിച്ചിട്ടുണ്ട്. 11-2-2015-ലെ തെളിവെടുപ്പ് യോഗത്തിൽ 6 മാസത്തിനുള്ളിൽ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കുന്നതാണെന്ന വകുപ്പ് സെക്രട്ടറിയുടെ ഉറപ്പനുസരിച്ച് ഒരു റിപ്പോർട്ടുപോലും സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ ലഭ്യമാക്കിയിട്ടില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

9. 2009-10, 2010-11, 2011-12 വർഷങ്ങളിലെ റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കിയ ഡിലേ സ്റ്റേറ്റ്മെന്റ് അനുബന്ധം (1) ആയി ചേർക്കുന്നു. 2004-05, 2005-06, 2006-07, 2007-08, 2008-09 എന്നീ വർഷങ്ങളിലെ ഓഡിറ്റ് പൂർത്തിയാക്കിയതായി

കാണുന്നില്ല. ഒരു സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തീകരിക്കാതെ എങ്ങനെ അടുത്ത വർഷത്തെ ഓഡിറ്റ് ആരംഭിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് ഓഡിറ്റേഴ്സ് തയ്യാറാക്കി എന്നത് സമിതിക്ക് ആശങ്കയോടെ കാണാനെ കഴിയുന്നുള്ളൂ.

10. വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതും സഭയിൽ സമർപ്പിക്കുന്നതും സ്ഥാപനത്തിന്റെ രജിസ്ട്രേഷന്റെ നടപടിക്രമവുമായി ബന്ധപ്പെട്ട, വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണെന്നും ഈ പ്രക്രിയ നടത്താതെ വന്നാൽ സ്വാഭാവികമായും ആ സമയത്തുള്ള ഡയറക്ടർമാർക്കും ഇതിന്റെ ഉത്തരവാദിത്വം ഉണ്ടായിരിക്കുമെന്നുമുള്ള വകുപ്പ് സെക്രട്ടറിയുടെ വിശദീകരണം അംഗീകരിച്ച സമിതി കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ സ്ഥാപനങ്ങളുടെയും വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് അതിന്റെ ഡയറക്ടർമാർക്ക് ഉത്തരവാദിത്വമുണ്ടെന്നും അപ്രകാരം ചെയ്യാത്തവരുടെ പേരിൽ ക്രിമിനൽ നിയമനടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യാൻ സാധിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇതിന്റെ ഗൗരവം മനസ്സിലാക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.

11. സമിതിയുടെ വിവിധ റിപ്പോർട്ടുകളിൽ വനിതാ വികസന കോർപ്പറേഷന്റെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച ശിപാർശകൾ ചെയ്തിട്ടും ഭരണ വകുപ്പ് വളരെ ലാഘവബുദ്ധിയോടെയാണ് പെരുമാറുന്നതെന്നും ഇതൊരിക്കലും ന്യായീകരിക്കാനാവുന്നതല്ലെന്നും വകുപ്പും കോർപ്പറേഷനും വാർഷിക റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

12. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി ഒരു ഷെഡ്യൂൾ തയ്യാറാക്കണമെന്നും ആയത് സമിതി മുൻപാകെ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## കേരള വനിതാ കമ്മീഷൻ

13. കേരള വനിതാ കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കണമെന്ന് വനിതാ കമ്മീഷൻ ആക്ട് വകുപ്പ് 16(2)-ൽ അനുശാസിക്കുന്നുണ്ട്. വനിതാ കമ്മീഷന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് 29-6-2015-ൽ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ എല്ലാവരും പ്രകീർത്തിക്കുന്നുണ്ടെന്നും നിയമപരമായി ചെയ്യേണ്ട ഓഡിറ്റും മറ്റ് കാര്യങ്ങളും നിർവ്വഹിക്കേണ്ടത് അത്യാവശ്യമാണെന്നും വിലയിരുത്തിയ സമിതി, വനിതാ കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലെ പുരോഗതിയെ അഭിനന്ദിച്ചു. കേരള വനിതാ കമ്മീഷന്റെ 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകളിന്മേൽ ലഭിച്ച

ഡിലേ സ്റ്റേറ്റ്മെന്റുകൾ 20-5-2015-ലെ യോഗത്തിൽ സമിതി പരിഗണിച്ചു. പ്രസ്തുത ഡിലേ സ്റ്റേറ്റ്മെന്റുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം 2, 3, 4)

14. റിപ്പോർട്ടുകൾ സമയബന്ധിതമായി നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയാത്തവരാണ് ഡിലേ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സഭയിൽ ലഭ്യമാക്കുന്നത് എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. സമയബന്ധിതമായി തയ്യാറാക്കേണ്ടതാണ് വാർഷിക ഓഡിറ്റ് റിപ്പോർട്ട്. അത് സമയബന്ധിതമായി തയ്യാറാക്കാൻ സാധിക്കാതെ വരുമ്പോൾ അച്ചടിച്ച് ലഭിക്കാൻ വൈകി, ജീവനക്കാരുടെ കുറവ് തുടങ്ങിയ വിശദീകരണങ്ങൾ അംഗീകരിക്കുവാൻ സാധിക്കുകയില്ലെന്ന് വിലയിരുത്തിയ സമിതി കാലതാമസപത്രിക എങ്ങനെ സമർപ്പിക്കണമെന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/2013/ധന. നമ്പർ സർക്കുലറിൽ വിശദീകരിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടുകയും അതനുസരിച്ചുവേണം കാലതാമസപത്രിക തയ്യാറാക്കുവാനെന്നും നിർദ്ദേശിക്കുകയും ചെയ്യുന്നു.

15. തികച്ചും നിരുത്തരവാദപരമായ കാരണങ്ങളാണ് ഡിലേ സ്റ്റേറ്റ്മെന്റുകളിൽ ഭരണ വകുപ്പ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും കാലതാമസം വിശദമാക്കുന്ന സർക്കാർ സ്റ്റേറ്റ്മെന്റുകൾ വളരെ ലാഘവബുദ്ധിയോടെയാണ് വകുപ്പുകൾ തയ്യാറാക്കുന്നതെന്നും ഇത്തരം കാരണങ്ങൾ ഒരു തരത്തിലും അംഗീകരിക്കാനാവില്ലെന്ന് സമിതിയുടെ മുൻകാല റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിരുന്നെങ്കിലും ബന്ധപ്പെട്ട വകുപ്പ് ഇതിന് ഒരു വിലയും കൽപ്പിക്കുന്നില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

16. വാർഷിക റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം ഏതേത് ഘട്ടങ്ങളിലാണ് കാലതാമസം വന്നത് എന്നത് സംബന്ധിച്ച തീയതി ഉൾപ്പെടെയുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കണമെന്നും സമിതി നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇക്കാര്യത്തിലുള്ള ഒരു പുരോഗതിയും വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്നതിൽ സമിതി കടുത്ത ആശങ്ക രേഖപ്പെടുത്തുന്നു.

17. കേരള വനിതാ കമ്മീഷന്റെ 2010-11, 2011-12, 2012-13 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടിന്മേൽ ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/13/ധന. നമ്പർ സർക്കുലർ പ്രകാരം തയ്യാറാക്കി സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

18. ശാരീരികവും മാനസികവുമായ വൈകല്യങ്ങൾ കാരണം കഷ്ടതകളും പീഡനങ്ങളും അനുഭവിക്കുന്ന ഭിന്നശേഷിയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുവാൻ സഹായിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും അവരുടെ പുരോഗതിയും ഉന്നതിയും ലക്ഷ്യം വച്ചുകൊണ്ട് ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകുവാനുമാണ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ സ്ഥാപിതമായത്. എന്നാൽ സ്ഥാപനത്തിന് പൊതുസമൂഹത്തോടുള്ള ഉത്തരവാദിത്വവും കടപ്പാടും വിസ്മരിക്കുന്ന സമീപനമാണ്, കണക്കുകളും റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുള്ള അനാസ്ഥ വ്യക്തമാക്കുന്നത്.

19. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡിന്റെ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ കുടിശ്ശിക വരുത്തിയതിനെ സമിതി 11-2-2015-ലെ തെളിവെടുപ്പ് യോഗത്തിൽ പരിശോധിക്കുകയുണ്ടായി.

20. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ 2003-04-ലെ വാർഷിക റിപ്പോർട്ട് മാത്രമേ തെളിവെടുപ്പ് യോഗത്തിനുശേഷം സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. പ്രസ്തുത സ്ഥാപനത്തിന്റെ കുടിശ്ശികയായ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് കൊണ്ടിരിക്കുകയാണെന്നാണ് സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറും സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയും തെളിവെടുപ്പുവേളയിൽ അറിയിച്ചത്. എന്നാൽ റിപ്പോർട്ട് സമർപ്പണത്തിന്റെ കാര്യത്തിൽ ആശാവഹമായ ഒരു പുരോഗതിയും വകുപ്പിൽനിന്ന് ഉണ്ടായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഈ സ്ഥാപനത്തിന്റെ 2004-05 മുതലുള്ള റിപ്പോർട്ടുകൾ കുടിശ്ശികയാണെന്നത് ഇതിന് തെളിവാണെന്നും കുറ്റകരമായ അനാസ്ഥയാണ് വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്നും സമിതി അഭിപ്രായപ്പെടുന്നു.

21. വാർഷിക റിപ്പോർട്ടുകൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ കോർപ്പറേഷന്റെ ഭാഗത്തുനിന്നും അക്ഷന്തവ്യമായ വീഴ്ച ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് ഫീസ് തർക്കംമൂലം ഓഡിറ്റ് ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം ഒരുതരത്തിലും ന്യായീകരിക്കാവുന്നതല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു.

22. ഓരോ വർഷത്തേയും ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും തയ്യാറാക്കി നിയമസഭയിൽ സമർപ്പിക്കുക എന്നത് ഒരു സ്ഥാപനത്തിന്റെ അടിസ്ഥാനപരമായ കടമയാണെന്നും ഈ പ്രക്രിയ കൃത്യമായി നടക്കുകയാണെങ്കിൽ ഇത്തരത്തിലൊരു

പ്രശ്നമുണ്ടാകുകയില്ല എന്നും സമിതി വിലയിരുത്തുന്നു. റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയെന്നത് അടിസ്ഥാന വസ്തുതയാണെന്നിരിക്കെ ഓഡിറ്റ് ഫീസ് തർക്കം കാരണം ഓഡിറ്റിംഗ് വൈകുന്നത് പരിഹരിക്കുന്നതിനായി ഓഡിറ്റ് ഫീസ് കാലോചിതമായി വർദ്ധിപ്പിക്കണമെന്നും സർക്കാർ ഇക്കാര്യത്തിൽ ഒരു നയപരമായ തീരുമാനം കൈക്കൊള്ളണമെന്നും സമിതി (2009-11)യുടെ അഞ്ചാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. എന്നാൽ സർക്കാർ ഇതുവരെയും ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സർക്കാർ ഇക്കാര്യം ഗൗരവമായി പരിഗണിക്കണമെന്നും ഓഡിറ്റിംഗിനുള്ള കാലതാമസം അടിയന്തരമായി പരിഹരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ 1999-2000 മുതലുള്ള ഓഡിറ്റ് സമയബന്ധിതമായി ചെയ്ത് വാർഷിക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുണ്ടെന്നും 2002-03 മുതൽ ഏഴുവർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്ത് വാർഷിക റിപ്പോർട്ട് തയ്യാറാക്കി 31-3-2015-ന് മുൻപായി സഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായതിനുള്ള മുഖ്യകാരണം കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി ആയിരുന്നു എന്നും ബാക്കി വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ എത്രയുംവേഗം നിയമസഭയ്ക്ക് സമർപ്പിക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കുന്നതാണെന്നും വകുപ്പ് 17-1-2015-ലെ 18708/എ 3/2014/സാനിവ. നമ്പർ കത്ത് മുഖാന്തരം (അനുബന്ധം 5) സമിതിയെ അറിയിച്ചിരുന്നു. എന്നാൽ സ്ഥാപനത്തിന്റെ 2004-05-ലെ റിപ്പോർട്ടുവരെ മാത്രമേ സഭയുടെ മേശപ്പുറത്തുവച്ചിട്ടുള്ളൂ എന്നതിൽ സമിതി ആശങ്കപ്പെടുന്നു. 2013-14-ലെ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ കണക്കുകൾ പ്രകാരം സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ 2005-06 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് ചെയ്ത കണക്കുകൾ മാത്രമാണ് പൂർത്തിയായിരിക്കുന്നതെന്ന് വ്യക്തമാകുന്നു. സംസ്ഥാന വികലാംഗ കോർപ്പറേഷന്റെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും കുടിശ്ശികയുള്ളത് ഓരോ വർഷത്തേതും ഏതേതു തീയതികളിൽ തയ്യാറാക്കി മേശപ്പുറത്ത് വയ്ക്കാൻ ലഭ്യമാക്കുമെന്നുള്ളതിന്റെ വർഷം തിരിച്ചുള്ള ഒരു സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമിതിക്ക് ലഭ്യമാക്കണമെന്നും അതനുസരിച്ച് റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## പൊതു ശിപാർശ

24. സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും 25 ലക്ഷം രൂപയിൽ കൂടുതൽ സഹായധനമോ മുതൽമുടക്കോ ഉള്ള സംസ്ഥാനത്തെ വിവിധ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും സമയബന്ധിതമായി തയ്യാറാക്കേണ്ടതിന്റെയും അവ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാനായി സമയബന്ധിതമായി ലഭ്യമാക്കേണ്ടതിന്റെയും ആവശ്യകത ഇപ്പോഴും പല വകുപ്പുദ്യോഗസ്ഥരും ബോധവാന്മാരല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഇക്കാര്യത്തിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും സംബന്ധിച്ച് ഉദ്യോഗസ്ഥരെ ബോധവാന്മാരാക്കുന്നതിനായി ആവശ്യമായ പരിശീലനപരിപാടികൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പാർലമെന്ററികാര്യം, പൊതുഭരണം എന്നീ വകുപ്പുകളോട് സമിതി നിർദ്ദേശിക്കുന്നു. ഇതുസംബന്ധിച്ച കാര്യങ്ങളിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ജോസ് തെറ്റയിൽ,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂലൈ 27.

അനുബന്ധം 1

## കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും 2009-10, 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് യഥാസമയം പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ്

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ 1999-2000 സാമ്പത്തിക വർഷത്തിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ ആയിരുന്ന മെ. ചിത്ര ദേവരാജൻ & അസോസിയേറ്റ്സ് പ്രൊപ്രൈറ്റെസ്സ് ആയ ശ്രീമതി ചിത്ര ദേവരാജന്റെ വളരെപ്പെട്ടെന്നുള്ള അകാല നിര്യാണത്തെ തുടർന്ന് കോർപ്പറേഷന്റെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് തുടർന്ന് ചെയ്യുന്നതിന് കാലതാമസം നേരിട്ടു. പ്രസ്തുത ഓഡിറ്റിംഗ് പൂർത്തിയാക്കുന്നതിനുവേണ്ടി കോർപ്പറേഷൻ പുതിയ സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററെ നിയമിക്കുന്നതിന് സി. & എ.ജി., ന്യൂ ഡൽഹിയോട് അഭ്യർത്ഥിച്ചെങ്കിലും 2-7-2012-ൽ മാത്രമാണ് പുതിയ സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററായ മെ. അലക്സ് തോമസ് & അസോസിയേറ്റ്സിനെ 1999-2000 മുതൽ 2011-12 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് ചെയ്യുവാൻവേണ്ടി നിയമിച്ചത്. മെ. അലക്സ് തോമസ് & അസോസിയേറ്റ്സ് 20-7-2012-ൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ആരംഭിച്ചിട്ടുണ്ട്.

2000-01, 2001-02 വാർഷിക കണക്കുകൾ പൂർത്തീകരിക്കുകയും ബോർഡ് അംഗീകരിക്കുകയും ആയത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, സി. & എ.ജി. ഓഡിറ്റ് പൂർത്തിയായി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായത്തിനു വേണ്ടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2002-03, 2003-04, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കി, സി. & എ.ജി. ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. 2004-05, 2005-06 വാർഷിക കണക്കുകൾ പൂർത്തീകരിക്കുകയും വനിതാ വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും ആയത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സിന് ഓഡിറ്റ് ചെയ്യുന്നതിനും അവരുടെ റിപ്പോർട്ട് ലഭിക്കുന്നതിനും വേണ്ടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2006-07, 2007-08, 2008-09 എന്നീ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് എത്രയുംപെട്ടെന്ന് പൂർത്തിയാക്കുന്നതിനുവേണ്ടി അക്കൗണ്ട്സ് സെക്ഷനിലേക്ക് കൂടുതൽ ജീവനക്കാരെ എൻഗേജ് ചെയ്യിപ്പിച്ചതുൾപ്പെടെ കോർപ്പറേഷൻ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മെ. അലക്സ് തോമസ് & അസോസിയേറ്റ്സ് 2009-10, 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കി ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുകയും ഓഡിറ്റ് ചെയ്ത കണക്കുകൾ കമ്പനീസ് ആക്ടിലെ സെക്ഷൻ 619(3)(ബി)-യും 619(4)-ഉം പ്രകാരം സപ്ലിമെന്ററി ഓഡിറ്റിനും സി. & എ.ജി.യുടെ അഭിപ്രായത്തിനും വേണ്ടി അയച്ചുകൊടുക്കുകയും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ ക്ലോസ് 40 പ്രകാരം ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായത്തിനുംവേണ്ടി അയച്ചുകൊടുക്കുകയും ചെയ്തു.

2009-10 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകളിൽ 21-10-2013-ൽ സി. & എ.ജി.യുടെയും 20-1-2014-ൽ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും അഭിപ്രായം ലഭ്യമാകുകയും 3-3-2014-ലെ 22-ാമത്തെ മാറ്റിവയ്ക്കപ്പെട്ട വാർഷിക പൊതുയോഗത്തിൽ ഓഡിറ്റ് റിപ്പോർട്ട്, ഡയറക്ടേഴ്സ് റിപ്പോർട്ട്, സി. & എ.ജി.യുടെ അഭിപ്രായം, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായം എന്നിവ അംഗീകരിക്കുകയുമുണ്ടായി.

2010-11 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകളിൽ 18-2-2014-ൽ സി. & എ.ജി.യുടെയും 28-3-2014-ൽ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും അഭിപ്രായം ലഭ്യമാകുകയും 17-6-2014-ലെ 23-ാമത്തെ മാറ്റിവയ്ക്കപ്പെട്ട വാർഷിക പൊതുയോഗത്തിൽ ഓഡിറ്റ് റിപ്പോർട്ട്, ഡയറക്ടേഴ്സ് റിപ്പോർട്ട്, സി. & എ.ജി.യുടെ അഭിപ്രായം, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായം എന്നിവ അംഗീകരിക്കുകയുമുണ്ടായി.

2011-12 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകളിൽ, 19-2-2014-ൽ സി. & എ.ജി.യുടെയും 9-5-2014-ൽ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും അഭിപ്രായം ലഭ്യമാകുകയും 17-6-2014-ലെ 24-ാമത്തെ മാറ്റിവയ്ക്കപ്പെട്ട വാർഷിക പൊതുയോഗത്തിൽ ഓഡിറ്റ് റിപ്പോർട്ട്, ഡയറക്ടേഴ്സ് റിപ്പോർട്ട്, സി. & എ.ജി.യുടെ അഭിപ്രായം, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായം എന്നിവ അംഗീകരിക്കുകയുമുണ്ടായി.

മേൽപ്പറഞ്ഞ ഭരണപരമായ കാരണങ്ങളാലാണ് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് യഥാസമയം സമർപ്പിക്കുവാൻ കഴിയാതിരുന്നത്. മേലിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ ശ്രമിക്കുന്നതാണെന്നും കഴിവതും നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ മറുപടി സമർപ്പിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

<u>അനുബന്ധം 2</u>

## കേരള വനിതാ കമ്മീഷന്റെ 2010-11-ലെ വാർഷിക റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുവാൻ കഴിയാത്തതിന്റെ കാലതാമസം വിശദീകരിക്കുന്ന പത്രിക

കേരള വനിതാ കമ്മീഷന്റെ 2010-11-ലെ വാർഷിക റിപ്പോർട്ട് 18-11-2011-ലെ കേരള വനിതാ കമ്മീഷൻ യോഗത്തിലാണ് അച്ചടിക്കുവാൻ തീരുമാനമെടുത്തത്. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിധേയമായി വാർഷിക റിപ്പോർട്ട് അച്ചടിച്ച് ലഭിക്കുന്നതിനുള്ള കാലതാമസം നേരിട്ടു.

മേൽപ്പറഞ്ഞ കാരണത്താലാണ് കേരള വനിതാ കമ്മീഷന്റെ 2010-11-ലെ വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കാൻ കാലതാമസം ഉണ്ടായത്. മേലിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ പരമാവധി ശ്രമിക്കുമെന്നും വാർഷിക റിപ്പോർട്ട് യഥാസമയം സമർപ്പിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു. ഇപ്പോഴത്തെ കാലതാമസം സദയം മാപ്പാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

<u>അനുബന്ധം 3</u>

## കേരള വനിതാ കമ്മീഷന്റെ 2011-12-ലെ വാർഷിക റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുവാൻ കഴിയാത്തതിന്റെ കാലതാമസം വിശദീകരിക്കുന്ന പത്രിക

കേരള വനിതാ കമ്മീഷന്റെ 2011-12-ലെ വാർഷിക റിപ്പോർട്ട് ഗവ. പ്രസ്സിൽനിന്നും അച്ചടിച്ച് ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിക്ക് പ്രസ്തുത റിപ്പോർട്ട് യഥാസമയം സർക്കാരിൽ സമർപ്പിക്കുവാൻ സാധിച്ചിരുന്നില്ല. ആയതിനാലാണ് കേരള വനിതാ കമ്മീഷന്റെ 2011-12-ലെ വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കാൻ കാലതാമസം ഉണ്ടായത്. മേലിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ ശ്രമിക്കുന്നതാണെന്നും കഴിവതും നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

അനുബന്ധം 4

## കേരള വനിതാ കമ്മീഷന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് യഥാസമയം നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുവാൻ കഴിയാത്തതിന്റെ കാലതാമസം വിശദീകരിക്കുന്ന പത്രിക

കേരള വനിതാ കമ്മീഷന്റെ 2012-13-ലെ വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി സെമിനാർ, അദാലത്ത്, കലാലയ ജ്യോതി, ജാഗ്രതാ സമിതി, പ്രീ-മാരിറ്റൽ കൗൺസലിംഗ് എന്നിവയുടെ വരവ്-ചെലവ് കണക്കുകളെ സംബന്ധിച്ച വിവരങ്ങളും കൗൺസലിംഗ് നടത്തിയ കേസുകളെ സംബന്ധിച്ചുള്ള വിവരങ്ങളും ലഭിക്കുവാൻ കേരള വനിതാ കമ്മീഷന് ഭരണപരമായ കാലതാമസമുണ്ടായി. ആയതിനുശേഷം 11-12-2013-ലെ കമ്മീഷൻ മീറ്റിംഗിൽ അംഗീകരിച്ച് 28-12-2013-ന് ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കുവാൻ നൽകിയ വാർഷിക റിപ്പോർട്ടിന്റെ ആദ്യത്തെ പ്രൂഫ് 3-4-2014-ന് കമ്മീഷനിൽ ലഭിച്ചു. 21-4-2014-ന് കമ്മീഷനിൽനിന്ന് പ്രൂഫ് തിരുത്തി നൽകുകയും 5-6-2014-ന് വാർഷിക റിപ്പോർട്ട് അച്ചടിച്ചതിന്റെ 500 കോപ്പികൾ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയുമുണ്ടായി.

മേൽപ്പറഞ്ഞ കാരണങ്ങളാലാണ് കേരള വനിതാ കമ്മീഷന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കാൻ കാലതാമസം ഉണ്ടായത്. മേലിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ പരമാവധി ശ്രമിക്കുമെന്നും വാർഷിക റിപ്പോർട്ട് യഥാസമയം സമർപ്പിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

അനുബന്ധം 5

## 17-1-2015-ലെ 18708/എ 3/2014/സാ.നീ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരം

### കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ 1997-98-ലെ വാർഷിക റിപ്പോർട്ടിന്മേൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റിന്മേലുള്ള മറുപടി റിപ്പോർട്ട്

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ സി. & എ.ജി. 1986-87, 1987-88, 1988-89 വർഷങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിനായി നിയമിച്ചിരുന്ന M/s നീലകണ്ഠൻ ആന്റ് കമ്പനിക്ക് നിശ്ചയിച്ചിരുന്ന ഓഡിറ്റ് ഫീ വളരെ കുറവാണെന്നും ഫീ വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും M/s നീലകണ്ഠൻ ആന്റ് കമ്പനി നിരന്തരം ആവശ്യപ്പെട്ടിരുന്നു. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായിട്ടുള്ള കോർപ്പറേഷന് മെമ്മോറാണ്ടം ആന്റ് ആർട്ടിക്കിൾസ് പ്രകാരം ചെറുകിട സംരംഭങ്ങളും ചെറിയ യൂണിറ്റുകളും സ്ഥാപിച്ച് ലാഭകരമാക്കി പ്രവർത്തിച്ച് അതിൽനിന്നും ലഭിക്കുന്ന ലാഭം ഉപയോഗിച്ച് കോർപ്പറേഷന്റെ ഭരണ ചെലവുകൾ നിർവ്വഹിക്കണമെന്നത് വളരെ ദുഷ്കരമായ കാര്യമാണ്. ജീവനക്കാരുടെ ശമ്പളം അടക്കമുള്ള അടിസ്ഥാന ചെലവുകൾക്ക് പോലും സർക്കാർ നോൺ പ്ലാൻ ഫണ്ടിൽനിന്ന് തുകയൊന്നും അനുവദിച്ചിരുന്നില്ല. വാണിജ്യമേഖലയിൽ വളരെയധികം മത്സരം നിലനിൽക്കുന്ന സാഹചര്യത്തിൽ, അധിക ചെലവുവരുന്ന ഓഡിറ്റ് ഫീസ് വർദ്ധിപ്പിച്ച് നൽകുന്ന ഒരു നടപടി പ്രായോഗികമായിരുന്നില്ല. സർക്കാരിൽ നിന്നും പദ്ധതി നിർവ്വഹണത്തിന് മാത്രമായി ലഭിക്കുന്ന തുകയിൽ നിന്നുള്ള തുച്ഛമായ പ്രോജക്ട് കോസ്റ്റ് ഉപയോഗിച്ച് കോർപ്പറേഷന്റെ പ്രവർത്തനം നടത്തിക്കൊണ്ടുപോയ കാലത്താണ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റുകാർ സി. & എ.ജി. നിശ്ചയിച്ച് നൽകിയ തുകയേക്കാളും കൂടുതൽ തുക (അതായത് ഒരു സാമ്പത്തിക വർഷത്തെ ഓഡിറ്റ് ഫീ 5,000 രൂപയായും കൺസൾട്ടൻസി സർവ്വീസ് 3,000 രൂപയുമായി ഉയർത്തി) നൽകണമെന്ന ആവശ്യം ഉന്നയിച്ചത്. കോർപ്പറേഷന്റെ നിരവധി ഡയറക്ടർ ബോർഡ് യോഗങ്ങളിൽ ഇത് ചർച്ചചെയ്യ് വരികയും 10-4-1997-ൽ കൂടിയ ഡയറക്ടർ ബോർഡ് യോഗത്തിൽ ഓഡിറ്റ് ഫീ 5,000 രൂപയായും കൺസൾട്ടൻസി സർവ്വീസിനുള്ള വേതനം 3,000 രൂപയുമായി ഉയർത്താൻ സി. & എ.ജി.യോട് ശിപാർശ ചെയ്യാൻ ബോർഡ് യോഗം തീരുമാനിക്കുകയാണ് ഉണ്ടായത്. ഓഡിറ്റ് ഫീ സംബന്ധിച്ച് നിലനിന്നിരുന്ന തർക്കത്തിന് പരിഹാരമായി സി. & എ.ജി. ഓഡിറ്റ് ഫീ വർദ്ധിപ്പിച്ച് നൽകുന്നതിന് അനുമതി നൽകുകയും ഓഡിറ്റ് പുനരാരംഭിക്കുകയുമാണ് ഉണ്ടായത്. ഇങ്ങനെയാണ് 1988-89-ലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായതും ആയത് 19-6-2000-ൽ പൂർത്തീകരിച്ചിട്ടുള്ളതും. ഈ കാലതാമസം തുടർന്നുള്ള വർഷങ്ങളിലെ ഓഡിറ്റിനേയും ബാധിച്ചു.

എന്നാൽ 1999-2000 മുതൽ കോർപ്പറേഷൻ ഓഡിറ്റ് സമയബന്ധിതമായി ചെയ്ത് ആന്വൽ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുണ്ട്.

2002-03 വരെയുള്ള കണക്കുകൾ ഓഡിറ്റു ചെയ്ത് നടപടികൾ പൂർത്തീകരിച്ച് ആന്വൽ റിപ്പോർട്ട് പ്രിന്റു ചെയ്ത് നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർന്നുള്ള ഏഴ് വർഷങ്ങളിലെ കണക്കുകൾ ഓഡിറ്റ് ചെയ്ത് ആന്വൽ റിപ്പോർട്ട് തയ്യാറാക്കി 31-3-2015-ന് മുമ്പായി നിയമസഭാ സമിതിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടായതിനുള്ള മുഖ്യകാരണം കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിയായിരുന്നു. ഇത്തരത്തിലുണ്ടായ കാലതാമസം മനഃപൂർവ്വമല്ലെന്നും തികച്ചും ഭരണപരമായ കാരണങ്ങളാണെന്നും ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാനും ബാക്കി വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ എത്രയുംവേഗം നിയമസഭയ്ക്ക് സമർപ്പിക്കുവാനും ആത്മാർത്ഥമായി ശ്രമിക്കുന്നതാണെന്നും അറിയിക്കുന്നു.

---